"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - പട്ടാഴി വടക്കേക്കര ഗ്രാമ പഞ്ചായത്ത് - മുൻ ക്ലർക്ക് ജയ്സൺ വി യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.957/2024/LSGD    തീയതി,തിരുവനന്തപുരം, 01-06-2024

---

പരാമർശം:-

1. 25.07.2018ലെ റൂൾസ് 1/235/2018/ഉഭപവ നമ്പർ സർക്കുലർ
2. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14.03.2007ലെ ഇ2-5205/02 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 25.11.2023ലെ LSGD/JD/KLM/7609/2023-A3 നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 25.11.2023ലെ LSGD/JD/KLM/7609/2023-A3 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.03.2024ലെ LSGD/PD/1928/2024-DEC3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ശ്രീ ജയ്സൺ വി, 20.02.2006 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചുവെന്നും ടിയാന്റെ നിയമനം പരാമർശം (2) പ്രകാരം ക്രമീകരിച്ചിട്ടുള്ളതാണെന്നും ടിയാൻ എം ഒ പി പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ പരാമർശം (3) പ്രകാരം 20.02.2008 തീയതി മുതൽ ഒരു വർഷത്തേക്ക് ടിയാന്റെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ചിരുന്നു എന്നും 14.09.2022 ൽ 50 വയസ്സ് പൂർത്തിയായതിനാൽ ടിയാളെ വകുപ്പ് തല പരീക്ഷ വിജയിക്കുന്നതിൽ നിന്നും പരാമർശം (4) പ്രകാരം സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ടെന്നുമുള്ള റിപ്പോർട്ടിനൊപ്പം 21.02.2023 തീയതിയിൽ മരണപ്പെട്ട ശ്രീ ജയ്സൺ വി-യുടെ പ്രൊബേഷൻ 15.09.2022 തീയതിയിൽ പ്രഖ്യാപിക്കുന്നതിനായി 16.09.2022 തീയതി വരെ ടിയാളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനായി ശുപാർശ ചെയ്ത് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. KS&SSR Part II ചട്ടം13(B) Proviso 4 പ്രകാരം 50 വയസ്സ് പൂർത്തിയായ സർക്കാർ ജീവനക്കാരെ, പ്രൊമോഷൻ, പ്രൊബേഷൻ എന്നിവയ്ക്ക് അവശ്യ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള പരീക്ഷകളൊഴികെയുള്ള നിർബന്ധിത വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കി നൽകിയിട്ടുള്ള ഇളവ് ആനുകൂല്യം ജീവനക്കാരന്റെ 50-ാം ജന്മദിനത്തിന്റെ പൂർവ്വാഹ്നം പ്രാബല്യത്തിൽ അനുവദിക്കാവുന്നതാണെന്ന് പരാമർശ സർക്കുലർ പ്രകാരം പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ,

പരാമർശം (5) പ്രകാരമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് 14.09.2022 -ന് 50 വയസ്സ് പൂർത്തിയായ പട്ടാഴി വടക്കേക്കര ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലർക്ക് ശ്രീ ജയ്സൺ. വി(late)യുടെ പ്രൊബേഷൻ 14.09.2022-ന് തന്നെ പൂർത്തിയാക്കുന്നതിന് ഉതകുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ് പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി 20.02.2009 മുതൽ 15.09.2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൌമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജില്ലാ ജോയിന്റ് ഡയറക്ടർ ,തദ്ദേശസ്വയംഭരണവകുപ്പ് , കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി,പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
5.ഡയറക്ടർ, ഐ കെ എം
6.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
7.കരുതൽ ഫയൽ (ഫയൽ നം.57/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 06-06-2024 10:54:01
സെക്ഷൻ ഓഫീസർ